# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4116 26.06.2013-ൽ മറുപടിക്ക്

### പെരുമ്പാവൂർ വാഴക്കുളത്ത് നടന്ന അക്രമം

| ചോദ്യം<br>ശ്രീമതി. ഗീതാ ഗോപി | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | എറണാകുളം ജില്ലയിലെ പൊരുമ്പാവൂരിനടുത്തു വാഴക്കുളത്ത് വച്ച് വാട്ടർ അതോറിറ്റിയുടെ നോൺ റവന്യൂ വാട്ടർ മാനേജ് മെന്റ് ജീവനക്കാരെ ഡ്യൂട്ടിക്കിടയിൽ ഒരു സംഘം ആളുകൾ ചേർന്ന് 9.10.2012 ന് കയ്യേറ്റം ചെയ്ത സംഭവം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട് |
| (ബി) | ഈ നിയമസഭയുടെ 7+ സമ്മേളനത്തിൽ 2185 - നമ്പർ ചോദ്യത്തിന് ബഹു. ആഭ്യന്തര വകുപ്പ് മന്ത്രി നൽകിയ മറുപടിയിൽ ജല വിഭവ വകുപ്പാണ് മേൽ നടപടികൾ സ്വീകരിക്കേണ്ടത് എന്ന് അറിയിച്ചിരുന്നതിൻ പ്രകാരം ജലവിഭവവകുപ്പ് അക്രമണ സംഭവത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (ബി) | ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച റിപ്പോർട്ട് പ്രകാരം ദുരുപയോഗം ചെയ്യപ്പെടുന്നു എന്ന് ആരോപിക്കുന്ന പൊതു ടാപ്പ് പ്രസ്തുത സ്ഥലത്ത് നിലനിർ ത്തേണ്ടതാണോ എന്നത് സംബന്ധിച്ച് ബന്ധപ്പെട്ട ജനപ്രതിനിധികളുമായി ചർച്ച ചെയ്ത് മേൽ നടപടി സ്വീകരിക്കുവാൻ നിർ ദേശം നൽകിയിട്ടുണ്ട് |

| | | | |
|---|---|---|---|
| (സി) | വാട്ടർ അതോറിറ്റിയുടെ കുടിവെള്ളം അനിധികൃതമായി വിനിയോഗിച്ച് സിമന്റ് ഇഷ്ടിക നിർമ്മാണ ഫാക്ടറി നടത്തുന്നതിനെത്തടഞ്ഞ എൻ.ഡബ്ല്യു എം. സെൽ ജീവനക്കാരെ കയ്യേറ്റം ചെയ്തവർ ക്കെതിരെ പോലീസിൽ പരാതിപ്പെടാൻ ഉത്തരവാദിത്വപ്പെട്ട വകുപ്പ്തല ഉദ്യോഗസ്ഥർ തയ്യാറാകാതിരുന്നതെന്തെന്ന് വിശദീകരിക്കുമോ; | (സി) | NRW കുറയ്ക്കുവാനുള്ള സമഗ്രമായ പദ്ധതികൾ നടപ്പിലാക്കുന്നതിനായി രൂപീകൃതമായ നോൺ റവന്യൂ വാട്ടർ മാനേജ് മെന്റ് യൂണിറ്റ് (NRWM) ന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് കേരള ജല അതോറിറ്റി പുറപ്പെടുവിച്ച 26.04.2012 ലെ ഉത്തരവ് പ്രകാരം. ആശുപത്രികൾ, ഫ്ലാറ്റുകൾ, ഹോട്ടലുകൾ തുടങ്ങിയ വലിയ ഗാർഹികേതര കണക്ഷനു കളുടെ വിവരങ്ങൾ ശേഖരിക്കുവാനും റവന്യൂ ചോർച്ച തടയുവാനുമുള്ള പ്രവർത്തനങ്ങൾ കൊച്ചിയിലെ ഫീൽഡ് അധികൃതരുമായി സഹകരിച്ച് ചെയ്യുവാനാണ് നിർ ദ്ദേശിച്ചിരുന്നത്. എന്നാൽ പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിട്ടില്ലാത്തതും റിപ്പോർട്ട് ചെയ്യപ്പെട്ടതുമായ കുടിവെള്ള ദുരുപയോഗം, മോഷണം തുടങ്ങിയവ കൂടി നോൺ റവന്യൂ വാട്ടർ മാനേജ് മെന്റ് യൂണിറ്റിന് പരിശോധിക്കേണ്ടതായി വന്നു. ഇത്തരം സന്ദർഭങ്ങളിൽ ഉടലെടുത്ത തർക്കങ്ങളിൽ പ്പെട്ടതായിരുന്നു 09.10.2012 ൽ നടന്ന സംഭവവും. ടി തർക്കങ്ങൾക്ക് പരിഹാരമെന്ന വണ്ണം NRWM കൊച്ചി യൂണിറ്റിനെ മേൽപ്പറഞ്ഞ പരിശോധനകൾക്കായി ചുമതലപ്പെടുത്തിക്കൊണ്ട് 15.01.2013 ൽ പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| (ഡി) | ഔദ്യോഗിക ജോലിക്ക് തടസ്സം നിൽക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുവാൻ ഉത്തരവാദപ്പെട്ട വകുപ്പ് മേധാവികൾ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | ദുരുപയോഗം സംബന്ധിച്ച പരിശോധനയ്ക്ക് പോകുമ്പോൾ പല തരത്തിലുള്ള പ്രതിഷേധങ്ങളും തടസ്സങ്ങളും ഉണ്ടാകാറുണ്ട്. പൊതു ടാപ്പ് സംബന്ധമായ വിഷയങ്ങൾ ആകുമ്പോൾ തർക്കം ഉണ്ടാകുന്നത് സ്വാഭാവികമാണ്. അത്തരം സന്ദർഭങ്ങളിൽ രമ്യമായി പ്രശ്നം പരിഹരിക്കുകയാണ് ചെയ്യാറുള്ളത്. |

സെക്ഷൻ ഓഫീസർ